പേരിൽ ചൂണ്ടിക്കാണിക്കുകയാണ്. പ്രധാന ഓഫീസുകളിൽ ഉപയോഗിക്കുന്ന മെറ്റൽ സീലുകൾക്ക് തേയ്മാനം സംഭവിച്ചതുകൊണ്ടും ശരിയായ മഷിയും അനുയോജ്യമായ ബോർഡും ഉപയോഗിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് പരിഹരിക്കാൻ പ്രധാനപ്പെട്ട പല ഓഫീസുകൾക്കും പുതിയ സീലും മഷിയും ബോർഡും നൽകുവാൻ സ്റ്റേഷനറി കൺട്രോളർക്ക് നിർദ്ദേശം നൽകുവാനും സീലുകൾ നന്നായി പരിശോധിക്കണം എന്ന നിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനും നൽകുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സീലും പുതിയ ബോർഡുകളും എല്ലാം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(3) കരിങ്കൽ ക്വാറികളുടെ നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ അന്യായമായ ഇടപെടൽ

ശ്രീ. സാജു പോൾ: സർ, നമ്മുടെ വികസന രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന ആയിരക്കണക്കിന് കരിങ്കൽ ക്വാറികളിലെ രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിൽ കൃത്യമായ നിബന്ധനകൾ ഇല്ലാത്തതുമൂലം റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി തുടങ്ങിയ വകുപ്പുകൾ ഈ മേഖലയെ വലിയ കറവപ്പശുവാക്കി മാറ്റിയിരിക്കുകയാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി വരുന്നു എന്നു പറഞ്ഞ് പാറമടകളിലെ പണി നിർത്തി വയ്പ്പിച്ചു. അതുപോലെ എല്ലാ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും വലിയ പിരിവാണ്. പോലീസ് ഓഫീസർമാർ ഇപ്പോൾ പാറമടകൾ തേടിയിറങ്ങുകയാണ്. അതുകൊണ്ട് ഉദ്യോഗസ്ഥപീഡനം ഇല്ലാത്ത നിലയിൽ ലളിതമായ വ്യവസ്ഥകളോടെ ക്വാറികൾക്ക് ലൈസൻസ് നൽകാനും വളരെ അപകടം പിടിച്ച ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും സുരക്ഷിതത്വ സംവിധാനങ്ങളും ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ വളരെ വിനീതമായി അപേക്ഷിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വളരെ അപകടം പിടിച്ച ഒരു പണി തന്നെയാണിത്. അപ്പോൾ ഈ മേഖലയെ അനിയന്ത്രിതമായി വിട്ടാൽ അവർക്ക് തന്നെ ചില അപകടങ്ങൾ വരും. ചില നിയന്ത്രണങ്ങളൊക്കെ ആവശ്യമാണ്. പക്ഷേ ഈ പറഞ്ഞ രീതിയിൽ high-handedness വരാതിരിക്കാൻവേണ്ടിയുള്ള നടപടി ഗവൺമെന്റ് എടുക്കാം.

(4) വർക്കല ടൂറിസം മാസ്റ്റർ പ്ലാനിന് ഭരണാനുമതി നൽകണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: സർ, ലോകത്തിലെ 10 പറുദീസകളിൽ ഒന്നാണ് കേരളം എന്നാണ് നാഷണൽ ജിയോഗ്രഫിക്കൽ ട്രാവലർ കേരളത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. കേരളം പറുദീസയാണെങ്കിൽ വർക്കല അതിന്റെ പൂന്തോട്ടമാണ്. കന്യകത്വം നിറഞ്ഞു നിൽക്കുന്ന മനോഹരമായ കടൽതീരവും കായൽതീരവും ഇളം ചുവപ്പു നിറത്തിലുള്ള പട്ടുടയാട ചുടിപ്പുതച്ച് തലയുയർത്തി നിൽക്കുന്ന പാപനാശം കുന്നുകളും ഔഷധവീര്യമുള്ള ജലസ്രോതസ്സുകളും പുണ്യതീർത്ഥങ്ങളും കണ്വമുനി തപസ്സിരുന്നുവെന്ന് കരുതപ്പെടുന്ന കണ്വാശ്രമവും പൗരാണിക സാങ്കേതികവിദ്യ വിസ്മയമായി കരുതപ്പെടുന്ന തുരങ്കങ്ങളും വർക്കലയ്ക്കുതുല്യം വർക്കല മാത്രമാണെന്ന് കരുതപ്പെടാൻ കാരണങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly